# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# അവാർഡുകൾ സംബന്ധിച്ച അറിയിപ്പുകൾ

## (1) മാർത്തോമ്മാ മാനവ സേവ അവാർഡ്

മാർത്തോമ്മാ സഭാംഗങ്ങളുടെ പ്രശസ്ത സേവനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന മാർത്തോമ്മാ മാനവ സേവ അവാർഡിന് അപേക്ഷകൾ / നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. **ആരോഗ്യ സംരക്ഷണം (Health Care)** എന്ന മേഖലയിൽ മികച്ച പ്രവർത്തനമാണ് ഈ വർഷം അവാർഡിന് പരിഗണിക്കുന്നത്. 20 വർഷമെങ്കിലും ടി മേഖലയിൽ സേവനം അനുഷ്ഠിച്ചിരിക്കണം. വിശദവിവരങ്ങൾ ഉൾപ്പെടുന്ന ബയോഡേറ്റ ഇടവക വികാരിയുടെയോ ഭദ്രാസന എപ്പിസ്ക്കോപ്പായുടെയോ സാക്ഷിപത്രം, അനുബന്ധ രേഖകൾ എന്നിവ സഹിതം (4 കോപ്പികൾ) ലഭിക്കേണ്ടതാണ്.

## (2) മാർത്തോമ്മാ കർഷക അവാർഡ്

മാർത്തോമ്മാ സഭാംഗമായ ഏറ്റവും മികച്ച കർഷകനെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഭക്ഷ്യവിളകൾ, മറ്റ് കൃഷികൾ, ചെയ്യുന്ന (5 ഏക്കറിൽ താഴെ) ചെറുകിട നാമമാത്ര കർഷകരെയാണ് – small and marginal farmers പരിഗണിക്കുന്നത്. പൂരിപ്പിച്ച അപേക്ഷ ഫോറവും അനുബന്ധ രേഖകളും (3 കോപ്പികൾ) ലഭിക്കേണ്ടതാണ്. അപേക്ഷ ഫോറം സഭാ ആഫീസിൽ നിന്നും സഭയുടെ വെബ് സൈറ്റിൽ (www.marthoma.in) നിന്നും ലഭിക്കും. കൃഷിയിടത്തിന്റെ ഫോട്ടോഗ്രാഫ് / വീഡിയോ എന്നിവ പെൻഡ്രൈവ് ആയോ ഇമെയിൽ (sabhaoffice@marthoma.in) ആയോ അയയ്ക്കേണ്ടതാണ്.

## (3) മാർത്തോമ്മാ സ്പോർട്ട്സ് / ഗെയിംസ് അവാർഡ്

കായിക മേഖലയിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള മാർത്തോമ്മാ സഭാംഗമായ ഒരു കായിക താരത്തിന് ഓരോ വർഷവും അവാർഡ് നൽകുന്നതാണ്. ആജീവനാന്ത നേട്ടം (Life Time Achievement) / സംസ്ഥാന / ദേശീയ / അന്തർദ്ദേശീയ തലങ്ങളിലുള്ള നേട്ടം എന്നിവയായിരിക്കും പരിഗണിക്കുന്നത്. ഇടവകയ്ക്കും മാർത്തോമ്മാ സഭാംഗങ്ങൾക്കും പരിഗണിക്കപ്പെടേണ്ടവരുടെ പേര് നിർദ്ദേശിക്കാവുന്നതാണ്. പരിഗണിക്കപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് സ്വയമായും അപേക്ഷിക്കാവുന്നതാണ്. പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ ബയോഡേറ്റായും അനുബന്ധരേഖകളുടെ പകർപ്പുകളും നൽകേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ഇടവക വികാരി സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. ഇടവകാംഗത്വം തെളിയിക്കുന്നതിന് ഇടവക വികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇതോടൊപ്പം നൽകണം.

## (4) ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയ അദ്ധ്യാപകർക്കുള്ള മെറിറ്റ് അവാർഡ്

മാർത്തോമ്മാ സഭയുടെ സ്കൂളുകളിലും കോളജുകളിലും പ്രവർത്തിക്കുന്ന മാർത്തോമ്മാ സഭാംഗങ്ങളായ അദ്ധ്യാപകർ, മറ്റു സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മാർത്തോമ്മാ സഭാംഗങ്ങളായ അദ്ധ്യാപകർ എന്നിവരിൽ ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയവർക്ക് മാർത്തോമ്മാ മെറിറ്റ് അവാർഡ് നൽകുന്നതാണ്. യു.ജി.സി അംഗീകാരമുള്ള സെക്കുലർ യൂണിവേഴ്സിറ്റികളിൽ നിന്നും ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയിട്ടുള്ള അദ്ധ്യാപകർക്ക് അപേക്ഷിക്കാവുന്നതാണ്. 01.04.2024 നും 31.03.2025 നും മദ്ധ്യേ ഡോക്ടറൽ ബിരുദം നേടിയവരെയാണ് ഈ അവാർഡിനു പരിഗണിക്കുന്നത്. ഡോക്ടറൽ ബിരുദം സംബന്ധിച്ച ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകൾ, കോളജ് പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റ്, ഇടവകാംഗത്വം തെളിയിക്കുന്ന വികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതമാണ് അപേക്ഷ നൽകേണ്ടത്.

## (5) റാങ്ക് നേടിയ വിദ്യാർത്ഥികൾക്കുള്ള മെറിറ്റ് അവാർഡ്

അംഗീകാരമുള്ള സെക്കുലർ / തിയോളജിക്കൽ യൂണിവേഴ്സിറ്റികളിൽ നിന്ന് ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും (Graduate and Post Graduate Programmes) 01.04.2024 നും 31.03.2025 നും മദ്ധ്യേ റാങ്ക് (ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ) നേടിയിട്ടുള്ള മാർത്തോമ്മാ സഭാംഗങ്ങളായ വിദ്യാർത്ഥികൾക്ക് മാർത്തോമ്മാ മെറിറ്റ് അവാർഡ് നൽകുന്നതാണ്. ഇടവകാംഗത്വം തെളിയിക്കുന്നതിനുള്ള ഇടവക വികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, റാങ്ക് ലഭിച്ചു എന്നതിനുള്ള രേഖകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതമാണ് അപേക്ഷ നൽകേണ്ടത്.

## (6) പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് കരസ്ഥമാക്കിയവർക്ക് മാർത്തോമ്മാ മെറിറ്റ് അവാർഡ്

പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് കരസ്ഥമാക്കിയ മാർത്തോമ്മാ സഭാംഗങ്ങൾക്ക് മാർത്തോമ്മാ മെറിറ്റ് അവാർഡ് നൽകുന്നതാണ്. യു.ജി.സി. അംഗീകാരമുള്ള സെക്കുലർ യൂണിവേഴ്സിറ്റികളിൽ നിന്നും പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് കരസ്ഥമാക്കിയിട്ടുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. 01.04.2024 നും 31.03.2025 നും മദ്ധ്യേ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നേടിയവരെയാണ് ഈ അവാർഡിനു പരിഗണിക്കുന്നത്. പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് സംബന്ധിച്ച ഓർഡറിന്റെ പകർപ്പ്, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഇടവകാംഗത്വം തെളിയിക്കുന്നതിന് വികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ നൽകേണ്ടതാണ്.

## (7) എസ്. എസ്. എൽ. സി: ക്യാഷ് അവാർഡ്.

സുവിശേഷ പ്രവർത്തനത്തിന്റെ ഫലമായി രൂപീകരിക്കപ്പെട്ട മാർത്തോമ്മാ ഇടവകകളിൽ നിന്നും 2025 ലെ എസ്. എസ്. എൽ. സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡിനു പരിഗണിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. മാർക്ക് ലിസ്റ്റിന്റെ അറ്റസ്റ്റു ചെയ്ത കോപ്പിയും ഇടവക വികാരിയിൽ നിന്നുള്ള സാക്ഷ്യപത്രവും പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും സഹിതം അപേക്ഷ നൽകേണ്ടതാണ്.

## (8) ഗ്രന്ഥ രചനയ്ക്ക് വൈദികർക്ക് അവാർഡ്

### 1. മാളിയേക്കൽ എം. സി. ജോർജ് അച്ചൻ മെമ്മോറിയൽ പ്രൈസ്

ഈ പ്രൈസിനു പരിഗണിക്കുന്നതിനായി 2024 എപ്രിൽ 1 നും 2025 മാർച്ച് 31 നും മദ്ധ്യേ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ ക്ഷണിക്കുന്നു. മാർത്തോമ്മാ സഭയിലെ വൈദികർ രചിച്ചിട്ടുള്ള പുസ്തകങ്ങളാണ് ഇതിനു പരിഗണിക്കുന്നത്. പുസ്തകങ്ങളുടെ 4 കോപ്പികൾ ലഭിച്ചിരിക്കേണ്ടതാണ്.

### 2. 1996 – 2000 ബാച്ച് ബി. ഡി. വിദ്യാർത്ഥി പരേതനായ റവ. മാത്യു തോമസ്, വട്ടക്കോട്ടാൽ മെമ്മോറിയൽ എൻഡോവ്മെന്റ് പ്രൈസ്

ഈ പ്രൈസിനു പരിഗണിക്കുന്നതിനായി മാർത്തോമ്മാ സഭയിലെ വൈദികർ രചിച്ച ഗ്രന്ഥങ്ങൾ ക്ഷണിക്കുന്നു. കഥ/കവിത / ഇതര സാഹിത്യ കൃതികൾ അയയ്ക്കാവുന്നതാണ്. 2024 എപ്രിൽ 1 നും 2025 മാർച്ച് 31 നും മദ്ധ്യേ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഇനങ്ങളിലെ ദൈവശാസ്ത്രപരമായ പുസ്തകങ്ങളുടെ 4 കോപ്പികൾ ലഭിച്ചിരിക്കേണ്ടതാണ്.

**(9) ഗ്രന്ഥ രചന – അത്മായ അംഗങ്ങൾക്കുള്ള അവാർഡ്**

ഈ അവാർഡിന് പരിഗണിക്കുന്നതിനായി 2024 എപ്രിൽ 1 നും 2025 മാർച്ച് 31 നും മദ്ധ്യേ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ ക്ഷണിക്കുന്നു. മാർത്തോമ്മാ സഭയിലെ അത്മായ അംഗങ്ങൾ രചിച്ചിട്ടുള്ള ശാശ്വത മൂല്യങ്ങൾ (Eternal Values) ഉൾക്കൊള്ളുന്ന പുസ്തകങ്ങളാണ് ഇതിനു പരിഗണിക്കുന്നത്. സ്വന്തം രചനകൾ ആയിരിക്കണം. മറ്റു രചയിതാക്കളുടെ, വിവർത്തനം ചെയ്ത പുസ്തകങ്ങളോ സാഹിത്യ സൃഷ്ടികൾ സമാഹരിച്ചു തയ്യാറാക്കിയ പുസ്തകങ്ങളോ പരിഗണിക്കുന്നതല്ല. പുസ്തകങ്ങളുടെ 4 കോപ്പികൾ ലഭിച്ചിരിക്കേണ്ടതാണ്. ഇടവകാംഗത്വം തെളിയിക്കുന്നതിന് ഇടവക വികാരിയിൽ നിന്നുള്ള കത്ത് നൽകണം. *(നിരൂപണ ഗ്രന്ഥങ്ങൾ പരിഗണിക്കുന്നതല്ല എന്ന് സഭാ താരകയിലൂടെ അറിയിച്ചിരുന്നത് ഭേദപ്പെടുത്തുന്നു. നിരൂപണ ഗ്രന്ഥങ്ങളും പരിഗണിക്കുന്നതാണ്).*

**(10) മാർത്തോമ്മാ സഭാ ഹരിത അവാർഡ്**

മാർത്തോമ്മാ സഭാ ഹരിത അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മാർത്തോമ്മാ സഭയുടെ കേരളത്തിലുള്ള (1) **ഇടവകകൾ** (2) **സ്ഥാപനങ്ങൾ** (അരമനകൾ, തിയോളജിക്കൽ സ്ഥാപനങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ, സ്റ്റഡി സെന്ററുകൾ, ക്യാമ്പ് സെന്ററുകൾ) (3) **സ്കൂളുകൾ** എന്നീ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനത്തിന് പ്രത്യേകം അവാർഡുകൾ നൽകുന്നതാണ്. സഭാ കൗൺസിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും അപേക്ഷകൾ പരിഗണിക്കുന്നത്. മാനദണ്ഡങ്ങളുടെ പകർപ്പ് സഭയുടെ വെബ് സൈറ്റിൽ (www.marthoma.in) നിന്നും സഭാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ക്യാമ്പസിന്റെ ഫോട്ടോഗ്രാഫ് / വീഡിയോ എന്നിവ പെൻഡ്രൈവ് ആയോ ഇമെയിൽ (sabhaoffice@marthoma.in) ആയോ അയയ്ക്കേണ്ടതാണ്. രണ്ടു വർഷം തുടർച്ചയായി സഭയുടെ ഹരിത അവാർഡു ലഭിച്ചവരെ തൊട്ടടുത്ത വർഷത്തെ അവാർഡിനു പരിഗണിക്കുന്നതല്ല.

**(11) സെമിത്തേരി സംരക്ഷണം:<br>ഇടവകയ്ക്ക് അവാർഡ്**

നമ്മുടെ ഇടവകകളിൽ പ്രിയപ്പെട്ടവരുടെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്ന സെമിത്തേരികൾ മനോഹരമായും വൃത്തിയായും പരിപാലിക്കപ്പെടേണ്ടത് ആവശ്യമാണ് എന്ന ഉദ്ദേശ്യത്തോടെയാണ് സെമിത്തേരി ഏറ്റവും മികച്ച രീതിയിൽ സംരക്ഷിക്കുന്ന ഇടവകയ്ക്ക് അവാർഡ് നൽകുന്നത്. ഈ അവാർഡിനു പരിഗണിക്കുന്നതിനായി ഇടവകകളിൽ നിന്നുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഒന്നും രണ്ടും സ്ഥാനം നേടുന്ന ഇടവകകൾക്ക് അവാർഡ് നൽകും. സെമിത്തേരിയുടെ ഫോട്ടോഗ്രാഫ് / വീഡിയോ എന്നിവ പെൻഡ്രൈവ് ആയോ ഇമെയിൽ (sabhaoffice@marthoma.in) ആയോ അയയ്ക്കേണ്ടതാണ്. രണ്ടു വർഷം തുടർച്ചയായി സഭയുടെ ഈ അവാർഡു ലഭിച്ച ഇടവകകളെ തൊട്ടടുത്ത വർഷത്തെ അവാർഡിനു പരിഗണിക്കുന്നതല്ല.

> ടി അവാർഡുകൾക്കുള്ള അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ 2025 ജൂലൈ 30 – നകം സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല – 689 101 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

റവ. എബി ടി. മാമ്മൻ,<br>സഭാ സെക്രട്ടറി.

20.06.2025.